# KERALA STATE FINANCIAL ENTERPRISES STAFF ASSOCIATION

Reg. No. 180/71, Kottappuram Road, Thrissur - 4
(Affiliated to C.I.T.U.R.No.K.1128)
E-mail : ksfesacitusc@gmail.com Web : www.ksfesa.com

President
Elamaram Kareem
Mob : 9400307786

General Secretary
S.Muraleekrishnapillai
Mob : 9446538432


## സർക്കുലർ 7/2019

സഖാക്കളേ,

സംഘടനയുടെ സംസ്ഥാന ഭാരവാഹിയോഗം 4-9-2019 (ബുധനാഴ്ച) രാവിലെ 10.30 ന് കെ.എസ്.എഫ്.ഇ.സ്റ്റാഫ് അസോസിയേഷൻ തിരുവനന്തപുരം ജില്ലാ കമ്മിറ്റി ഓഫീസിൽ ചേർന്നു. അന്നേ ദിവസം ഉച്ചയ്ക്ക് ശേഷം നടക്കുന്ന ബോണസ് / ഇൻസെന്റീവ് ചർച്ചയുടെ പശ്ചാത്തലത്തിലാണ് യോഗം ചേർന്നത്.

### തീരുമാനങ്ങൾ

1. 20% നിരക്കിൽ ബോണസ്സ് / ഇൻസെന്റീവ് വിതരണം ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് നാം മാനേജ്മെന്റിന് കത്ത് നൽകിയിട്ടുണ്ട്. ചർച്ചാ വേളയിൽ മാനേജ്മെന്റ് നൽകുന്ന സ്റ്റേറ്റ്മെന്റ് പരിശോധിച്ച് ഉചിതമായ നിർദ്ദേശം ഉയർത്താൻ തീരുമാനിച്ചു.
2. DCA ഉൾപ്പെടെയുള്ള അധികയോഗ്യതകളും സ്പെഷ്യൽ റൂൾ ഭേദഗതി നിർദ്ദേശവും ഒഴിവാക്കികൊണ്ട് ഓഫീസ് അറ്റന്റന്റ് ജീവനക്കാരുടെ പ്രമോഷൻ അനുപാതം 5% ൽ നിന്നും 10% ആയി ഉയർത്തികൊണ്ട് ഉത്തരവ് നൽകണമെന്ന ആവശ്യം അംഗീകരിച്ചുവെങ്കിലും ഉത്തരവിൽ ഡിഗ്രി യോഗ്യത നിർബന്ധമാക്കുകയാണ് ചെയ്തത്. ഇത് ഡിഗ്രിയില്ലാത്ത ജീവനക്കാർക്ക് പരീക്ഷയെഴുതാനുള്ള അവസരം കൂടി നിഷേധിക്കുകയാണ്. ഇതിൽ ഭാരവാഹിയോഗം ശക്തമായി പ്രതിഷേധിച്ചു. ഇന്ന് ചർച്ച നടക്കുന്ന പശ്ചാത്തലത്തിൽ ധനമന്ത്രിയെ നേരിട്ടുകണ്ട് പ്രതിഷേധം അറിയിക്കണമെന്ന് തീരുമാനിച്ചു.
3. 1/14 എന്ന സർക്കുലർ നടപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് KSFE യിലെ ഒരു വിഭാഗം ജീവനക്കാർ നൽകിയ ഹർജി പരിഗണിച്ചുകൊണ്ട് KSFE യിലും ഈ ഉത്തരവ് നടപ്പാക്കണമെന്ന് ബഹു കേരളാ ഹൈക്കോടതി ആവർത്തിച്ചു സർക്കാരിന് നിർദ്ദേശം നൽകിയിരിക്കുകയാണ്. ഇത് നടപ്പാക്കുന്നതു വഴി സ്ഥാപനത്തിലെ ഓഫീസ് അറ്റന്റന്റ് ജീവനക്കാരുടെ പ്രമോഷൻ അനുപാതം 10% ൽ നിന്നും 20% ആയി ഉയരും. സെപ്റ്റംബർ മൂന്നാം വാരം ചേരുന്ന സംസ്ഥാന കമ്മിറ്റിയോഗം പ്രസ്തുത ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ ചർച്ച ചെയ്ത് ഉചിതമായ തീരുമാനം എടുത്ത് സംസ്ഥാന സർക്കാരിനെ സമീപിക്കണമെന്ന് തീരുമാനിച്ചു.
4. 2/18 സർക്കുലർ പിൻവലിക്കൽ, ബിസിനസ്സ് വികസനത്തിന്റെ ഭാഗമായി ജീവനക്കാർക്ക് നൽകുന്ന ഉപഹാരം, അസി. മാനേജർ തസ്തികയിലെ ഒഴിവുകൾ നികത്തൽ, സ്ഥലംമാറ്റം എന്നിവയും ചർച്ചയിൽ ഉയർത്തി പരിഹാരം ഉണ്ടാക്കണമെന്നും തീരുമാനിച്ചു.

### ബോണസ്സ് ഇൻസെന്റീവ് ചർച്ച

ഉച്ചകഴിഞ്ഞ് 2 മണിക്ക് തിരുവനന്തപുരം റീജിയണൽ ഓഫീസിൽ വച്ച് ബോണസ്സ് - ഇൻസെന്റീവ് ചർച്ച നടന്നു.

2018-19 സാമ്പത്തിക വർഷത്തിൽ 444 കോടി രൂപ പ്രവർത്തനലാഭവും 58.83 കോടി രൂപ അവയിലബിൾ സർപ്ലസ്സും 34.42 കോടി രൂപ ബാലൻസ് അലോക്കബിൾ സർപ്ലസ്സും കാണിക്കുന്ന കണക്കാണ് അവതരിപ്പിച്ചത്. 444 കോടി രൂപ പ്രവർത്തന ലാഭം നമ്മുടെ സ്ഥാപനത്തിന്റെ കഴിഞ്ഞ വർഷത്തെ പ്രവർത്തന പുരോഗതി പ്രതിഫലിപ്പിക്കുന്നു. എന്നാൽ കിട്ടാക്കടം പെരുകുന്നതിന്റെ ദുഃസൂചന യായി 323 കോടി രൂപ നിഷ്ക്രിയ ആസ്തിയ്ക്ക് പ്രൊവിഷൻ നൽകേണ്ടി വന്നു. ഇത് തീർച്ചയായും സ്ഥാപനത്തിന്റെ അനാരോഗ്യത്തെയാണ് കാണിക്കുന്നത്. അതീവ ഗൗരവമായ ആത്മപരിശോധന ആവശ്യമാണെന്ന് സാരം. കഴിഞ്ഞ വർഷം 142 കോടി പ്രൊവിഷൻ നൽകിയ

സ്ഥലത്താണ് 323 കോടിയായി പ്രൊവിഷൻ ഉയർന്നത്. NPA മാനദണ്ഡം 180 ദിവസത്തിൽ നിന്നും 90 ദിവസമായി കുറയ്ക്കണമെന്ന RBI നിർദ്ദേശം നടപ്പാക്കിയതാണ് പ്രധാന കാരണം. 2018-19 വർഷത്തെ ശമ്പളചെലവ് 452 കോടി രൂപയാണ്. ഇതിൽ 2142 ഓഫീസർമാരുടെ വിഹിതം 235.40 കോടി രൂപ 5060 വർക്ക്മെൻ ജീവനക്കാരുടെ വിവരം 215 കോടി രൂപയുമാണ്.

കഴിഞ്ഞ വർഷത്തെ ബാലൻസ് അലോക്കബിൾ സർപ്ലസ്സ് 60 കോടി രൂപയായിരുന്നു. എന്നാൽ ഇത്തവണ 34.42 കോടി രൂപയായി കുറഞ്ഞു. ബുക്ക് പ്രോഫിറ്റ് 120.67 കോടിയായും കുറഞ്ഞു.

**ചർച്ചയിലെ തീരുമാനങ്ങൾ**

### 1. 2018-19 ലെ ബോണസ്സ്

2018-19 വർഷത്തിൽ പ്രതിമാസം 21,000 രൂപ വരെ ശമ്പളം വാങ്ങിയിട്ടുള്ള ജീവനക്കാർക്ക് ബോണസ്സ് ലഭിക്കും. ബോണസ്സ് കണക്കാക്കുന്ന ശമ്പളം 7000 രൂപയായിരിക്കും. 20% ആണ് ബോണസ്സ്. അതായത് ബോണസിന് അർഹതയുള്ള ഓരോ മാസവും (7000 X 20% = 1400 രൂപ) ക്രമത്തിൽ 12 X 1400 = 16,800 രൂപ പരമാവധി ബോണസ്സ് ലഭിക്കും. 547 പേർക്കാണ് ബോണസ്സ് ലഭിക്കുക. 87 ലക്ഷം രൂപയാണ് ഇത്തവണ ബോണസ്സ് ഇനത്തിൽ വിതരണം ചെയ്യുന്നത്.

### 2. ഫെസ്റ്റിവൽ അഡ്വാൻസ്

താഴെ കൊടുത്തിരിക്കുന്ന രീതിയിൽ ഫെസ്റ്റിവൽ അഡ്വാൻസ് നൽകാൻ തീരുമാനിച്ചു.

| | |
|---|---|
| PTS ഒഴികെയുള്ള വർക്ക്മെൻ ജീവനക്കാർ | = 60,000 |
| PTS | = 45,000 |
| ഓഫീസർമാർ | = 65,000 |

അനുവദിച്ചിട്ടുള്ള പരമാവധി തുകയിൽ കുറവ് വാങ്ങണമെന്ന് ആഗ്രഹിക്കുന്ന ജീവനക്കാർക്ക് അതിനുള്ള സൗകര്യവും ഉണ്ട്. അതനുസരിച്ച് അതാതു വിഭാഗം ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള പരമാവധി തുകയോ പരിധിയിൽ കുറഞ്ഞ തുകയോ (1000-ന്റെ ഗുണിതം) ഓപ്ഷൻ നൽകി വാങ്ങാവുന്നതാണ്.

### 3. ഫെസ്റ്റിവൽ അലവൻസ്

ബോണസിന് അർഹതയില്ലാത്ത ജീവനക്കാർക്ക് 2750/- രൂപ ഫെസ്റ്റിവൽ അലവൻസ് ലഭിക്കും.

### 4. പെർഫോമൻസ് ഇൻസെന്റീവ്

പെർഫോമൻസ് ഇൻസെന്റീവ് വിഷയത്തിൽ മാനേജ്മെന്റുമായും പിന്നീട് ധനകാര്യ വകുപ്പു മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ധനകാര്യമന്ത്രിയുടെ ഓഫീസിലും ചർച്ച നടന്നു. കേരളാ സർക്കാരിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇൻസെന്റീവ് / എക്സ്ഗ്രേഷ്യ, ബോണസ്സ്, എന്നിവ വിതരണം ചെയ്യുന്നതിന് കേരളാ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശമനുസരിച്ച് കഴിഞ്ഞ വർഷം നൽകിയ പരമാവധി തുകയിൽ അധികരിച്ച് നൽകാൻ പാടില്ലായെന്ന നിർദ്ദേശ മുണ്ടെന്നും അതിനാൽ ഇൻസെന്റീവ് തുക കഴിഞ്ഞ വർഷം ലഭിച്ച പരമാവധി തുക നിശ്ചയിക്കാമെന്ന് മന്ത്രി അറിയിച്ചു. എന്നാൽ ഇത് സംഘടനകൾക്ക് സ്വീകാര്യമായില്ല. കഴിഞ്ഞ വർഷവും ഈ മാനദണ്ഡം ഉണ്ടായിട്ടും KSFE, Beverages Corporation മുതലായ സ്ഥാപനങ്ങൾ സർക്കാർ തീരുമാനം ലംഘിച്ചാണ് ഇൻസെന്റീവ് വിതരണം ചെയ്തതെന്നും അതിനാൽത്തന്നെ ഇത്തവണ കർശന നിർദ്ദേശമുണ്ടെന്നും ധനമന്ത്രി അറിയിച്ചു. കേരളം തുടർച്ചയായ രണ്ടു പ്രളയത്തെ നേരിട്ട പ്രത്യേക സാഹചര്യം പരിഗണിക്കണമെന്നും KSFE മാത്രമായി മാർഗ്ഗനിർദ്ദേശം ലംഘിച്ചാൽ പൊതുസമൂഹ ത്തിൽ KSFE യ്ക്കെതിരായ ദുഷ്പ്രചരണങ്ങൾക്ക് ആക്കം കൂട്ടുമെന്നത് മനസ്സിലാക്കണമെന്നും സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഘട്ടത്തിൽ ജീവനക്കാർക്ക് ഉപഹാരം നൽകുന്ന സാഹചര്യത്തിൽ 7.75% ഇൻസെന്റീവെന്ന ആവശ്യം കൂടി പരിഗണിച്ച് ഉദാരമായ സമീപനം ധനമന്ത്രിയെന്ന നിലയിൽ സ്വീകരിക്കുമെന്നും ധനമന്ത്രി പറഞ്ഞു. എന്നാൽ 7.75% വേണമെന്ന ആവശ്യത്തിൽ സംഘടനകൾ ഉറച്ചു നിന്നു. അതിനാൽ സംഘടനകൾ കൂടിയാലോചിച്ച് ഇൻസെന്റീവ് കരാറിൽ ഒപ്പുവെയ്ക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

2015 മുതൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് പി.എസ്.സി. വെരിഫിക്കേഷൻ എന്ന കടമ്പ കടക്കാത്തതിനാൽ തന്നെ പ്രമോഷനുകൾ വൈകിയതുമൂലം 7.75% നിരക്കിൽ ഇൻസെന്റീവ്

ലഭിച്ചെങ്കിലും നഷ്ടമുണ്ടായിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ തുക സംരക്ഷിച്ചാൽ നഷ്ടം വീണ്ടും ആവർത്തിക്കുമെന്ന സാഹചര്യവും പരിഗണിച്ച് സർക്കാർ ഉത്തരവ് യാന്ത്രികമായി നടപ്പാക്കരുതെന്ന ആവശ്യം പ്രസിഡന്റും സർക്കാരിന്റെ മുന്നിൽ വച്ചിട്ടുണ്ട്. നമ്മുടെ പ്രസിഡന്റ് സ. എളമരംകരിം MP യും ഓഫീസേഴ്സ് യൂണിയൻ പ്രസിഡന്റ് സ.കെ.എൻ.ബാലഗോപാലും സംയുക്തമായി 6-9-2019 ന് ഉച്ചകഴിഞ്ഞ് ബഹു. മുഖ്യമന്ത്രിയെയും ധനമന്ത്രിയെയും സന്ദർശിച്ച് KSFE ജീവനക്കാരുടെ ഇൻസെന്റീവ് വിഷയത്തിൽ പുനരാലോചന ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടു. റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി വച്ച NPA പ്രൊവിഷൻ മൂലമാണ് സ്ഥാപനത്തിന്റെ ലാഭം കുറഞ്ഞത്. എന്നാൽ പ്രവർത്തനലാഭം വർദ്ധിച്ചത് ജീവനക്കാരുടെ സ്ഥിരോത്സാഹത്തിന്റെ പ്രതിഫലനമായി കാണണമെന്നും അവർ ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ പുനരാലോചന ഉണ്ടാകുമെന്നും അനുഭാവ പൂർവം തന്നെ ആവശ്യങ്ങൾ പരിഗണിയ്ക്കാമെന്നും മുഖ്യമന്ത്രി സംഘടനാ നേതാക്കൾക്ക് ഉറപ്പു നൽകി.

ബഹുമാനപ്പെട്ട കേരളാ മുഖ്യമന്ത്രിയും ധനമന്ത്രിയും നൽകിയ ഉറപ്പിനെ മാനിച്ചുകൊണ്ടും അംഗീകരിച്ചുകൊണ്ടും 7-9-2019 ന് വിതരണം ചെയ്യുന്ന പെർഫോമൻസ് ഇൻസെന്റീവ് കൈപ്പറ്റണമെന്ന് നിർദ്ദേശിക്കുന്നു. സെപ്തംബർ മൂന്നാം വാരം സംസ്ഥാനകമ്മിറ്റി ചേർന്ന് ഉചിതമായ ഭാവിപരിപാടികൾ തീരുമാനിക്കുന്നതാണ്.

5. **ബോണസ്സ് / ഇൻസെന്റീവ് ലെവി**

3% നിരക്കിൽ ബോണസ്സ് / ഇൻസെന്റീവ് ലെവി നിശ്ചയിക്കാൻ തീരുമാനിച്ചു. ഫെസ്റ്റിവൽ അലവൻസിന് ലെവിയില്ല. ബോണസ്സ് തുകയ്ക്ക് ലെവി ശേഖരിക്കുമ്പോൾ ഫെസ്റ്റിവൽ അലവൻസായ 2750 രൂപ കഴിച്ചുള്ള തുകയ്ക്ക് ബോണസ്സ് ലെവി ശേഖരിച്ചാൽ മതിയാകും.

**അറിയിപ്പുകൾ**

1. 2/18 സർക്കുലർ സംബന്ധമായി നമ്മുടെ ശക്തമായ പ്രതിഷേധം മാനേജ്മെന്റിനെ അറിയിച്ചു. അസിസ്റ്റന്റ് ജീവനക്കാർക്ക് മേൽ 2/18 സർക്കുലർ മുഖേന ഏതെങ്കിലും ബാധ്യത അടിച്ചേൽപ്പിക്കാൻ ശ്രമിച്ചാൽ അത് തത്സമയം സംഘടനയെ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. യാതൊരു കാരണവശാലും സംഘടനയുടെ അനുമതിയില്ലാതെ ബാദ്ധ്യത അടയ്ക്കരുതെന്ന് അഭ്യർത്ഥിയ്ക്കുന്നു.
2. ഓഫീസ് അറ്റന്റന്റ് ജീവനക്കാർക്കുള്ള ബൈട്രാൻസ്ഫർ പ്രമോഷന് (10%) ഡിഗ്രി യോഗ്യതയാക്കിയ സർക്കാർ ഉത്തരവിൽ സംഘടനയുടെ പ്രതിഷേധം ധനമന്ത്രിയെ അറിയിച്ചു. പ്രശ്നം പരിഹരിക്കാമെന്ന് ധനമന്ത്രി ഉറപ്പു നൽകി.
3. അസിസ്റ്റന്റ് മാനേജർ തസ്തികയിലെ NJD ഉൾപ്പെടെയുള്ള ഒഴിവുകൾ എത്രയും വേഗം നികത്തുമെന്നും സ്ഥലംമാറ്റ നടപടികൾ എത്രയും വേഗം നടപ്പിൽ വരുത്തുവാനും മാനേജ്മെന്റ് അറിയിച്ചു.

സഖാക്കളേ,

പൊതുമേഖലകൾ ശക്തിപ്പെടുത്തണമെന്ന കാര്യത്തിൽ കൃത്യമായും വ്യക്തമായും നയമുള്ള ഏക രാഷ്ട്രീയ പ്രസ്ഥാനം ഇന്ന് ഇന്ത്യയിൽ ഇടതുപക്ഷം മാത്രമാണ്. ഇന്ത്യയിൽ ഏതെങ്കിലും സംസ്ഥാനത്തിൽ ഈ നയത്തിൽ അടിയുറച്ചു നിന്നുകൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നുവെങ്കിൽ അത് കേരളത്തിൽ മാത്രമാണ്. പൊതുവിദ്യാലയ സംരക്ഷണത്തിലും പൊതുജനാരോഗ്യ സംരക്ഷണത്തിലും ഇന്ത്യയ്ക്കാകെ മാതൃകയായ ഒരു സർക്കാർ ഉണ്ടെങ്കിൽ അത് കേരളത്തിൽ മാത്രമാണ്. BSNL ലും റെയിൽവേയിലും കേന്ദ്രസർക്കാർ സ്ഥാപനങ്ങളിലും ജീവനക്കാരെ പിരിച്ചു വിടുന്നതിനുള്ള കണക്കെടുപ്പാണ് നടക്കുന്നതെങ്കിൽ കേരളത്തിൽ റിക്കാർഡ് നിയമനവുമായി പി.എസ്.സി. മുന്നോട്ട് പോകുകയാണ്. PTS, Office Attendant മേഖലകളിൽ കേന്ദ്ര സർക്കാരിലും ബാങ്കുകളിലും സ്ഥിരനിയമനം നിർത്തിയിട്ടു വർഷങ്ങളായി. ഇപ്പോൾ കേന്ദ്രസർക്കാർ ജീവനക്കാർക്ക് ശമ്പള പരിഷ്കരണവും വേണ്ടായെന്ന് തീരുമാനം വരികയാണ്. കേന്ദ്രസർക്കാരിന്റെ പ്രതിലോമ നയങ്ങൾ കേരളത്തെയും KSFE യെയും ബാധിക്കില്ലെന്ന് കരുതുന്ന വലതുപക്ഷവാദികൾ വിഡ്ഢികളുടെ സ്വർഗ്ഗത്തിലാണെന്ന് പറയാതെ തരമില്ല.

KSFE ജീവനക്കാർക്ക് 2000 ന് ശേഷം നടന്ന ശമ്പളപരിഷ്കരണങ്ങളെല്ലാം യാഥാർത്ഥ്യമായത് ഇടതു ഭരണത്തിലാണ്. 2001-06 ലെ UDF സർക്കാരിന്റെ അവസാന കാലത്ത് 2002 ൽ അവസാനിച്ച കരാർ പുതുക്കി നിശ്ചയിച്ചെങ്കിലും കുടിശികയടക്കം വിതരണം ചെയ്ത് ശമ്പളപരിഷ്കരണം യാഥാർത്ഥ്യമാക്കിയത് വി.എസ്.-ന്റെ നേതൃത്വത്തിലുള്ള ഇടതുസർക്കാരാണ്. ആ സർക്കാർ തന്നെ

2007-ൽ കാലാവധിയവസാനിച്ച ശമ്പളപരിഷ്കരണ കരാറും പുതുക്കി നിശ്ചയിച്ച് കുടിശികയടക്കമുള്ള തുക വിതരണം ചെയ്ത് ശമ്പളപരിഷ്കരണം നടപ്പിലാക്കിയിട്ടാണ് അധികാരം ഒഴിഞ്ഞത്. തുടർന്ന് 2012 ൽ കാലാവധി അവസാനിച്ചതിനെ തുടർന്ന് പുതുക്കിയ കരാർ വ്യവസ്ഥകൾ അംഗീകരിച്ചില്ലെന്ന് മാത്രമല്ല, 27% DA അധികമാണെന്ന് കുറിപ്പെഴുതി അട്ടിമറിക്കുകയായിരുന്നു കഴിഞ്ഞ UDF ഭരണം ചെയ്തത്. എല്ലാ തടസ്സവാദങ്ങളെയും ഓവർ റൂൾ ചെയ്തുകൊണ്ട് കരാർ നടപ്പാക്കിയത് സ.പിണറായിയുടെ നേതൃത്വത്തിലുള്ള നിലവിലെ LDF സർക്കാരാണ്. 2017 ൽ കാലാവധിയവസാനിച്ച കരാർ പുതുക്കുന്ന തിന്റെ ഭാഗമായി KSFE യുടെ ചരിത്രത്തിലെ ഏറ്റവും വലിയ തുക ഇടക്കാല ആശ്വാസം അനുവദി ക്കുകയും ചെയ്തു. സുവർണ്ണ ജൂബിലി വർഷത്തിൽ തന്നെ ശമ്പളപരിഷ്കരണ ചർച്ച പൂർത്തിയാക്കുന്ന തിനുള്ള നിർദ്ദേശവും മാനേജ്മെന്റിന് നൽകിയിരിക്കുകയാണ്. കേരളാ സർക്കാരിലോ മറ്റു പൊതു മേഖലാ സ്ഥാപനങ്ങളിലോ ശമ്പളപരിഷ്കരണ ചർച്ചയുടെ ആദ്യഘട്ടം പോലും ആരംഭിച്ചിട്ടി ല്ലെന്നും നാം മനസ്സിലാക്കേണ്ടതുണ്ട്.

കേന്ദ്രസർക്കാർ ബോണസ്സ് ആക്ടിൽ ഭേദഗതി കൊണ്ടുവന്നിട്ടും നടപ്പാക്കാൻ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ തയ്യാറായില്ല. എൽ.ഡി.എഫ്. സർക്കാർ വന്നതിനുശേഷമാണ് ഏറ്റവും താഴെത്തട്ടിലുള്ള 1000-ഓളം ജീവനക്കാർക്ക് കുടിശ്ശിക ബോണസ്സ് ആയി ഒരു കോടി രൂപ വിതരണം ചെയ്തത്. കരാറിലോ സർക്കാർ ഉത്തരവിലോ വ്യവസ്ഥയില്ലാഞ്ഞിട്ടും 224 PTS ജീവനക്കാരുടെ ശമ്പളം സംരക്ഷിച്ചു നൽകാനും സർക്കാരും മാനേജ്മെന്റും തയ്യാറായി. കഴിഞ്ഞ UDF സർക്കാർ അട്ടിമറിച്ച ഗ്രേഡ് പ്രമോഷനുകൾ ഉൾപ്പെടെ എല്ലാ പ്രമോഷനുകളും പുനഃസ്ഥാപിച്ചു.

2012 ൽ കേന്ദ്രചിട്ടി ആക്ട് നിലവിൽ വന്നതിനുശേഷം ചിട്ടി സെക്യൂരിറ്റി നിക്ഷേപത്തിന്റെ പലിശ നൽകാതിരിക്കുകയാണ് യു.ഡി.എഫ്. സർക്കാർ ചെയ്തത്. ഈയിനത്തിൽ KSFE യ്ക്ക് ലഭിക്കാനുള്ള 384 കോടി രൂപ അനുവദിച്ച് നൽകിയത് ഇടതുസർക്കാരാണ്. സ്വകാര്യചിട്ടി കമ്പനികൾ നിയമവ്യവസ്ഥ കൾ ലംഘിച്ചുകൊണ്ട് പ്രവർത്തിയ്ക്കാൻ അവസരം നൽകുകയാണ് കഴിഞ്ഞ UDF സർക്കാർ ചെയ്ത തെങ്കിൽ, നിയമവിരുദ്ധ സ്ഥാപനങ്ങൾക്കെതിരെ ശക്തമായ നടപടികൾ നിലവിലെ എൽ.ഡി.എഫ്. സർക്കാരും രജിസ്ട്രേഷൻ വകുപ്പും സ്വീകരിക്കുകയാണ്. പ്രവാസികൾക്ക് ചിട്ടിയിൽ ചേരാൻ അനുമതി കേന്ദ്ര സർക്കാരും ആർ.ബി.ഐ.യും നൽകിയിട്ടും അനങ്ങാപ്പാറ നയം സ്വീകരിക്കുകയാണ് കഴിഞ്ഞ UDF സർക്കാർ ചെയ്തത്. ഈ നിയമഭേദഗതി ഉപയോഗിച്ചുകൊണ്ട് ഏതൊരു സ്വകാര്യകമ്പനിയ്ക്കും പ്രവാസിചിട്ടി ആരംഭിയ്ക്കാൻ കഴിയുമായിരുന്നുയെന്ന സാഹചര്യത്തിൽ UDF സർക്കാരിന്റെ ഈ അനങ്ങാപ്പാറ നയം ബോധപൂർവ്വമായിരുന്നുവെന്ന് സംശയിച്ചാൽ തെറ്റ് പറയാൻ കഴിയില്ല. 2016 ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് സർക്കാർ തലത്തിൽ വിവിധ വകുപ്പു കളെ ഏകോപിപ്പിച്ചുകൊണ്ട് സോഫ്റ്റ്വെയർ അടക്കം തയ്യാറാക്കി പ്രവാസിചിട്ടി ആരംഭിച്ചത്. പ്രവാസി ചിട്ടി രംഗത്ത് നമ്മുടെ ഈ പ്രവർത്തനം യഥാർത്ഥത്തിൽ ഫലവത്തായ Pre-empttive Measure ആണ്. KSFE യുടെ ആധുനികവത്ക്കരണത്തിലും നിതാന്തജാഗ്രതയാണ് സർക്കാർ പുലർത്തുന്നത്.

KSFE യുടെ പ്രവർത്തനലാഭം വർദ്ധിപ്പിക്കുന്നതിൽ ജീവനക്കാർ വഹിച്ച പങ്ക് ചെറുതല്ല. ഇതിനർഹ മായ പരിഗണന ഇൻസെന്റീവ് തുകയിൽ പ്രതിഫലിച്ചില്ലായെന്ന വിമർശനം തീർച്ചയായും ജീവന ക്കാർക്കുണ്ട്. അത് മനസിലാക്കികൊണ്ടു തന്നെ ഉചിതമായ തുടർനടപടികൾ സംഘടന സ്വീകരിക്കുക യും ചെയ്യും. ഇൻസെന്റീവ് തുകയിൽ കുറവ് വന്ന സാഹചര്യത്തിൽ ജീവനക്കാരിൽ ഉണ്ടായ പ്രതി ഷേധം മുതലെടുത്തുകൊണ്ടും മേൽ സൂചിപ്പിച്ച വസ്തുതാപരമായ യാഥാർത്ഥ്യങ്ങളെല്ലാം മറച്ചുവെച്ചു കൊണ്ടും കേരളത്തിലെ ജനലക്ഷങ്ങളുടെ പ്രതീക്ഷാകേന്ദ്രമായ കേരളാ സർക്കാരിനെയും ഇടതുപക്ഷ പ്രസ്ഥാനത്തെയും അപകീർത്തിപ്പെടുത്താനും പച്ചക്കള്ളങ്ങൾ പ്രചരിപ്പിച്ചുകൊണ്ട് അവമതിയ്ക്കാനും അരാഷ്ട്രീയ വാദികളും തീവ്രവലതുപക്ഷവാദികളും രംഗത്ത് വന്ന സാഹചര്യം നാം ഗൗരവപൂർവ്വം പരിശോധിക്കണം. സകല പൊതുമേഖലകളെയും വിറ്റു തുലച്ചിട്ടും സമ്പദ്ഘടന അനുനിമിഷം തകരുന്ന ഇന്ത്യയിലാണ് കേരളമെന്നത് ഓർത്തുകൊണ്ടും ബിസിനസ് വളർച്ചയോടൊപ്പം കുടിശ്ശിക നിവാരണ പ്രവർത്തനങ്ങളിലും കൂടുതൽ ശ്രദ്ധയൂന്നികൊണ്ടും പ്രവർത്തിക്കണമെന്ന് എല്ലാ വിഭാഗം ജീവന ക്കാരോടും സംഘടന അഭ്യർത്ഥിയ്ക്കുന്നു. തൊഴിലും തൊഴിൽ അവകാശങ്ങളും സംരക്ഷിക്കുന്നതിനും സ്ഥാപനം ശക്തിപ്പെടുത്തുന്നതിനും സംഘടനയുടെ പിന്നിൽ ഉറച്ചുനിൽക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**എല്ലാ ജീവനക്കാർക്കും KSFE സ്റ്റാഫ് അസോസിയേഷൻ (CITU) ന്റെ**

# ഓണാശംസകൾ

*അഭിവാദനങ്ങളോടെ,*

**എസ്.മുരളീകൃഷ്ണപിള്ള**
ജനറൽ സെക്രട്ടറി
മൊബൈൽ : 9446538432

കൊല്ലം,
07-09-2019.

*GVP Blpm/2400516*